ലക്ഷം രൂപയുടെ മരുന്നു മാത്രമാണ് നിർമ്മിച്ചു കൊടുത്തത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാനേജ്മെന്റ് ബോർഡിലെ വിദഗ്ദ്ധാംഗങ്ങളുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) രണ്ട് സർക്കാർ നോമിനികൾ രാജി വയ്ക്കുന്നതായി അറിയിച്ചുകൊണ്ട്, മാനേജിംഗ് ഡയറക്ടർക്ക്/ചെയർമാന് അയച്ച കത്തിന്റെ പകർപ്പ് ലഭിച്ചിട്ടുണ്ട്. രാജി സ്വീകരിച്ചിട്ടില്ലാത്തതിനാലും, സർക്കാർ പ്രതിനിധികളായ ഇവരുടെ രാജി ക്രമാനുസൃതമാണോ എന്ന കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ എന്നതിനാലും ഡയറക്ടർ ബോർഡിലെ വിദഗ്ദ്ധാംഗങ്ങളിൽ കുറവു വന്നിട്ടില്ല.

(ബി) തങ്ങളുടെ ആവശ്യങ്ങളും നിർദ്ദേശങ്ങളും ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്ത് നടപ്പാക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകാത്തതാണ് രാജിക്ക് കാരണമായി പറഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച നടപടികൾ ഇവരുടെ രാജിക്കാര്യം വിശദമായി പരിശോധിച്ചശേഷം സ്വീകരിക്കും.

(സി) ഇല്ല.

(ഡി) ഇത്തരം ഒരു ആക്ഷേപം രാജിക്കത്ത് സമർപ്പിച്ച അംഗങ്ങൾ ഇപ്പോൾ മാത്രമാണ് ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത രാജിക്കത്ത് സർക്കാർ പരിശോധിച്ചുവരുന്നു. ഡയറക്ടർ ബോർഡിലെ അംഗങ്ങളുടെ നിർദ്ദേശങ്ങൾ സന്നിഹിതരായിട്ടുള്ള എല്ലാ അംഗങ്ങളുടെയും ചർച്ചയ്ക്കുശേഷം ബോർഡിന്റെ തീരുമാനപ്രകാരമാണ് നടപ്പിലാക്കാറുള്ളത് എന്ന് കെ.എസ്. ഡി.പി. എം.ഡി. റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങിയ സംഭവം

17 (1358)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ഓയിൽ റിഫൈനറിയിൽനിന്നും അടുത്ത കാലത്ത് പരിസര പ്രദേശത്തെ തോടുകളിലേക്ക് മലിനജലം ഒഴുക്കിവിട്ടതുമൂലം ഇവിടെ മത്സ്യം കൂട്ടത്തോടെ ചത്തൊടുങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദുരന്തം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷം ഇത്തരത്തിലുണ്ടായ മലിനീകരണത്തിന്റെ ഫലമായി മത്സ്യം ചത്തൊടുങ്ങിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിരുന്നോ;

(ഡി) സമീപ പ്രദേശത്തുള്ള ജനങ്ങളെ ഇത്തരത്തിലുള്ള മലിനീകരണത്തിൽനിന്നും ശാശ്വതമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭാവിയിൽ ഇത്തരം മലിനീകരണം സംഭവിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ എടുക്കാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൊച്ചിൻ റിഫൈനറിയോടേ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ വേണ്ട എല്ലാ പ്രതിരോധ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ എല്ലാ സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുള്ള വിധത്തിലാണ് പ്ലാന്റ് രൂപകൽപ്പന ചെയ്തിട്ടുള്ളതെന്നും കൊച്ചിൻ റിഫൈനറിയിൽനിന്നും അറിയിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം ചിത്രപ്പുഴയിൽ മത്സ്യനാശം സംഭവിക്കാൻ ഇടയായത് എഫ്.എ.സി.ടി. കൊച്ചി ഡിവിഷനിൽനിന്നുള്ള മലിനജലം നിമിത്തമാണെന്നുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ പ്രസ്തുത കമ്പനിയും പബ്ലിക് വയബിലിറ്റി ഇൻഷ്വറൻസ് നിയമപ്രകാരം നഷ്ടപരിഹാരം നൽകണമെന്ന് പോളിസി നൽകിയിരിക്കുന്ന യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെട്ടു. 1233 മത്സ്യത്തൊഴിലാളികൾക്കായി 38,77,500 രൂപ വിതരണം ചെയ്യുവാൻ പ്രസ്തുത നിയമത്തിന്റെ 7-ാം സെക്ഷൻ പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ഇൻഷ്വറൻസ് കമ്പനി, കളക്ടറുടെ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കോടതി ഇതിൽ വിധി പ്രഖ്യാപിച്ചിട്ടില്ല.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൊച്ചി മേഖലയിലെ മലിനീകരണ സാദ്ധ്യതയുള്ള കമ്പനികൾക്ക് മലിനജലം ശുദ്ധീകരിച്ച് പുറത്ത് വിടുന്നതിന് കർശന നിബന്ധനകളോടുകൂടിയ അനുമതിപത്രം നൽകിയിട്ടുണ്ട്. നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ബോർഡിന്റെ എറണാകുളം മേഖലാ ഓഫീസിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുന്നതിന് പുറമേ ഹെഡ് ആഫീസിൽനിന്നുള്ള എൻവയോൺമെന്റൽ സർവയലൻഡ് സ്ക്വാഡ് മിന്നൽ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. പരിശോധനകളിൽ കണ്ടുപിടിക്കപ്പെടുന്ന കുറവുകളും പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ ഉൾപ്പെടെയുള്ള കർശനമായ നടപടികൾ ബോർഡ് എടുത്തുവരുന്നു.

വ്യവസായ പാർക്കുകൾ

18(1359) <u>ശ്രീ. പി.കെ. കുമാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവയിലൂടെ എത്ര ആളുകൾക്ക് പുതുതായി തൊഴിൽ നൽകുവാൻ കഴിഞ്ഞു?

<u>ഉത്തരം</u>

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ താഴെപ്പറയുന്ന വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. ഫിലിം വീഡിയോ പാർക്ക്, കഴക്കൂട്ടം

LIBRARY ARCHIVES Kerala Legislative Assembly